(ഡി) പി.ഡി.എ. യുടെ ആവശ്യം കണക്കിലെടുത്ത് സർക്കാർ അംഗീകരിച്ച് കെട്ടിട നിർമ്മാണത്തിനുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോഴുള്ള കെട്ടിടം പുനർ നിർമ്മാണത്തിനുവേണ്ടി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിടം പണി ആരംഭിക്കുന്നതാണ്.

തിമിരി എ.യു.പി. സ്കൂൾ

420 [767] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തിമിരി ദേവസ്വം എ.യു.പി. സ്കൂൾ ഗവൺമെന്റിലേക്ക് വിട്ടുതരാമെന്ന് മാനേജുമെന്റ് അറിയിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഈ അറിയിപ്പ് ഗവൺമെന്റിൽ ലഭിച്ചത്;

(സി) സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വം കമ്മീഷണറുടെ 12-4-1978-ലെ കത്ത് 21-4-1978-ലാണ് ഗവൺമെന്റിൽ ലഭിച്ചത്.

(സി) ഏറ്റെടുത്തു കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിന്റെ പെർമനന്റ് റെക്കഗ്നിഷൻ

421 [768] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര വിദ്യാഭ്യാസ ജില്ലയിലെ മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിന് പെർമനന്റ് റെക്കഗ്നിഷൻ നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തു രേണസമിതികളും പിരിച്ചുവിടപ്പെട്ടതോടുകൂടി സ്കൂൾ അനുവദിക്കുമ്പോൾ നിർദ്ദേശിച്ച വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിനു അവയ്ക്കു കഴിയുകയില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രത്യേക പരിതഃസ്ഥിതിയിൽ മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിനു പെർമനന്റ് റെക്കഗ്നിഷൻ കൊടുക്കുന്നതിനു ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായി; സ്ഥിരമായ കെട്ടിടങ്ങളിലല്ല സ്കൂൾ പ്രവർത്തിച്ചു വരുന്നത് എന്നതാണ് കാരണം.

(സി) മണിയൂർ പഞ്ചായത്തു ഹൈസ്കൂൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന അർദ്ധ പക്കാ കെട്ടിടങ്ങൾ ''പക്ക'' (സ്ഥിരം) കെട്ടിടങ്ങളായി നിർമ്മിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടിട്ടുള്ളതായും അതു കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ എടുത്തു വരുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ''പക്ക'' കെട്ടിടങ്ങൾ നിർമ്മിക്കുന്നതോടുകൂടി സ്ഥിരമായ അംഗീകാരം പ്രസ്തുത സ്കൂളിനു നൽകുന്നതാണ്.

കോടഞ്ചേരി സെൻറ് ജോസഫ് ഹൈസ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം

422 [769] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ഗവൺമെൻറ് ബാദ്ധ്യസ്ഥമാണോ;

(ബി) കോടഞ്ചേരി സെൻറ് ജോസഫ് ഹൈസ്കൂളിലെ (കോഴിക്കോട് ജില്ല) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള കാരണമെന്താണ്;

(ഡി) ഇതുപോലെ വേറെയും കേസുകളുണ്ടോ?

ഉത്തരം

(എ) പ്രൊട്ടക്ഷൻ ഉത്തരവിൻെറ പരിധിയിൽ വരുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ ബാദ്ധ്യസ്ഥമാണ്.

(ബി) ഉണ്ട്.

(സി) മാനേജർ ഡിപ്പാർട്ടുമെൻറ് ഉത്തരവുകൾ അനുസരിക്കാത്തതുകൊണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ഈ സ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സംബന്ധിച്ചുവന്ന സംശയംനിമിത്തവും ആണ്. ശമ്പളം ഉടനെ നൽകുന്നതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly